# ഭരണഭാഷ – മാതൃഭാഷ

ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ന്യൂ ബിൽഡിംഗ് ഉള്ളൂർ ലൈൻ ജഗതി
തിരുവനന്തപുരം-695014
PH:-0471-2580743

**HSE/10556/2024-Acd C5** **തീയതി: 16-07-2025**

## സർക്കുലർ

വിഷയം:- പൊ.വി.വ.ഹ.സെ.വി.- **2025-26** അധ്യയന വർഷത്തെ സർക്കാർ/ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ഗസ്റ്റ് അധ്യാപക നിയമന മാനദണ്ഡങ്ങൾ - സംബന്ധിച്ച്

സൂചന :- 1. **23-05-2025** തീയതിയിലെ സ.ഉ(സാധാ) നം.**3455/2025/GEDN** നമ്പർ സർക്കാർ ഉത്തരവ്.

2. **23-05-2025** തീയതിയിലെ സ.ഉ(സാധാ) നം.**3456/2025/G.EDN** നമ്പർ സർക്കാർ ഉത്തരവ്.

സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും **2025-26** അധ്യയന വർഷം അധ്യാപക, അനധ്യാപക തസ്തികകളിലെ ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ യഥാക്രമം സൂചന **(1)** , **(2)** പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന **(1)**, **(2)** സർക്കാർ ഉത്തരവിലെ നിർദേശങ്ങളും, ചുവടെ ചേർത്തിരിക്കുന്ന നിർദേശങ്ങളും പാലിച്ചു കൊണ്ട് അധ്യാപക-അനധ്യാപക തസ്തികകളിലെ ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം നൽകുന്നതിന് അനുമതി നൽകുന്നു.

1. പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കാത്തതും ഹയർ സെക്കന്ററി അധ്യാപകർ പ്രിൻസിപ്പൽ ഇൻ ചാർജ് വഹിക്കാത്തതുമായ സർക്കാർ സ്കൂളുകളിൽ വിഷയാടിസ്ഥാനത്തിലും ജോലിഭാരം കണക്കിലെടുത്തും ഗസ്റ്റ് അധ്യാപകരെ നിയമിക്കുന്നതിൽ ബന്ധപ്പെട്ട ആർ ഡി ഡി -മാരുടെ മേൽ നോട്ടമുണ്ടാകേണ്ടതാണ്. പ്രിൻസിപ്പൽ ഇൻ ചാർജ് സംബന്ധമായി ഉത്തരവ് ലഭ്യമല്ലാത്ത സ്കൂളുകളിൽ ഗസ്റ്റ് അധ്യാപക നിയമനത്തിനുള്ള നടപടികൾ ആർ ഡി ഡി തലത്തിൽ കൈകൊള്ളേണ്ടതാണ്. പ്രസ്തുത ഗസ്റ്റ് അധ്യാപകർക്ക് (ഹയർ

സെക്കന്ററി വിഭാഗത്തിൽ നിന്ന് പ്രിൻസിപ്പൽ ചാർജ് ഇല്ലാത്ത സ്കൂളുകളിലെ) ചട്ട പ്രകാരമുള്ള ശമ്പളം നൽകുന്നതിനുള്ള നടപടികൾ ആർ ഡി ഡി ഓഫീസുകളിൽ നിന്ന് യഥാസമയം സ്വീകരിക്കേണ്ടതാണ്.

2. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ **30** ദിവസത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന (ട്രാൻസ്ഫർ, റിട്ടയർമെന്റ്, രാജി, മരണം, സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡെപ്യൂട്ടേഷൻ, തസ്തിക സൃഷ്ടിച്ചിട്ടും നിയമനാകാത്തത് എന്നീ കാരണങ്ങളാൽ) തസ്തികകളിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കാവുന്നതാണ്. സ.ഉ.(സാധാ)നം.**3371/19**/പൊ.വി.വ തീയതി **22/08/2019** പ്രകാരം എയ്ഡഡ് സ്കൂളുകളിൽ **30** ദിവസം മുതൽ **3** മാസം വരെയുള്ള അവധി ഒഴിവിലെ നിയമനത്തിന് ബന്ധപ്പെട്ട മാനേജ്മെന്റുകൾ തന്നെ ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.
3. പ്രിൻസിപ്പൽമാരുടെ ജോലിഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി സ.ഉ. (കൈ) നം.**127/2021**/പൊ.വി.വ തീയതി: **26/02/2021** സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഗസ്റ്റ് അധ്യാപകരെ നിയമിക്കാവുന്നതാണ്.
4. ഗസ്റ്റ് അധ്യാപകരെ നിയമിക്കുമ്പോഴും ശമ്പളം അനുവദിക്കുമ്പോഴും സ.ഉ.(കൈ)നം.**185/2016**/പൊ.വി.വ തീയതി **31/10/2016**, സർക്കുലർ നമ്പർ **AcdC1/231720/22/HSE dated 28/02/2022** പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.
5. രണ്ടാം വർഷ ക്ലാസ്സുകൾക്കു വേണ്ടി **HSST(Jr)** തസ്തികയിൽ ഗസ്റ്റ് അധ്യാപകരായി നിയമിക്കപ്പെടുന്ന അധ്യാപകരെ ഒന്നാം വർഷ ക്ലാസ്സ് തുടങ്ങുമ്പോൾ വർക്ക് ലോഡിനനുസരിച്ച് **HSST** തസ്തികയിൽ പരിഗണിക്കാവുന്നതും ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതുമാണ്. ഒന്നാം വർഷ ക്ലാസ്സുകൾ ആരംഭിക്കുമ്പോൾ അധിക തസ്തികകളിൽ നിയമനം ആവശ്യമായി വന്നാൽ വർക്ക് ലോഡ് കണക്കിലെടുത്ത് ഗസ്റ്റ് അധ്യാപക നിയമനം നടത്താവുന്നതാണ്.
6. **2014-15, 2015-16** അധ്യയന വർഷങ്ങളിൽ പുതുതായി ഹയർസെക്കന്ററി ബാച്ചുകൾ അനുവദിച്ച സ്കൂളുകളിൽ തസ്തിക സൃഷ്ടിച്ചിട്ടില്ലെങ്കിലും സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം.**185/16**/പൊ.വി.വ തീയ്യതി **31/10/2016** പ്രകാരം ഈ വർഷവും ഗസ്റ്റ് അധ്യാപകരെ നിയമിക്കാവുന്നതാണ്.
7. **27/07/2023** തീയതിയിലെ സ.ഉ(കൈ) നം.**106/2023/ G.Edn** നമ്പർ സർക്കാർ ഉത്തരവ് പ്രകാരം **2023-24** അധ്യയന വർഷത്തിൽ

താൽക്കാലിക ബാച്ച് അനുവദിച്ച സ്കൂളുകളിലും 16/07/2024 തീയ്യതിയിലെ സ.ഉ.(കൈ) നം.86/24/G.Edn നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2024-25 അധ്യയന വർഷത്തിൽ താൽകാലിക ബാച്ച് അനുവദിച്ച സ്കൂളുകളിലും ഓരോ വിഷയത്തിലും നിലവിലുള്ള അധ്യാപകരുടെ പരമാവധി ജോലി ഭാരത്തിന് ശേഷമുള്ള പിരീഡുകൾക്ക് ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കാവുന്നതാണ്.

8. ഹയർസെക്കന്ററി അധ്യാപകരായി ദിവസവേതനാടിസ്ഥാനത്തൽ നിയമിതരാകുന്നവർ സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിട്ടുള്ള നിർദ്ദിഷ്ട യോഗ്യത ഉള്ളവർ ആയിരിക്കണം, ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അധ്യാപകർക്ക് സ്പെഷ്യൽ റൂളിൽ നിഷ്കർഷിക്കുന്ന യോഗ്യത ഉണ്ടെന്ന് മാനേജർ/ പ്രിൻസിപ്പൽ ഉറപ്പാക്കേണ്ടതാണ്. സർക്കാരിന്റെയും വകുപ്പിന്റെയും ചട്ടങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കാതെയും മതിയായ യോഗ്യത ഇല്ലാത്തവരെയും ഗസ്റ്റ് അധ്യാപകരായി നിയമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ അധ്യാപകരെ നിയമിച്ചാൽ ടി അധ്യാപകർക്ക് വേതനം നൽകുന്നതിനുൾപ്പെടെ ഉള്ള ബാധ്യത മാനേജർ/പ്രിൻസിപ്പൽമാർക്കു മാത്രമായിരിക്കുന്നതാണ്.

9. സർക്കാർ/എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കുമ്പോൾ 20.10.2023 തീയതിയിലെ നം.ജെ എ 2/134/പൊ.വി.വ സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി പരാമാവധി 56 വയസ്സുള്ളവരെ പരിഗണിക്കാവുന്നതാണ്.
സ്പെഷ്യൽ സ്കൂളുകളിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കുമ്പോൾ വിരമിച്ച അധ്യാപകരെയും പരമാവധി 60 വയസുള്ളവരെയും പരിഗണിക്കാവുന്നതാണ്.

10. ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്ന അധ്യാപകരുടെ നിയമനാംഗീകാര ശിപാർശ സമയബന്ധിതമായി (നിയമനം നടത്തി 15 ദിവസത്തിനകം) ബന്ധപ്പെട്ട മേഖല ഉപമേധാവിയുടെ പരിഗണനക്കായി സമർപ്പിക്കേണ്ടതാണ്. ടി അധ്യാപകരെ അധ്യയന വർഷത്തെ സേവനത്തിനു ശേഷം സ്പാർക്കിൽ നിന്നും വിടുതൽ ചെയുമ്പോൾ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്. ടെർമിനേഷൻ തീയതിയിൽ തെറ്റ് വരുത്തിയാൽ തെറ്റ് വരുത്തിയ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുന്നതാണ്.

11. ഗസ്റ്റ് അധ്യാപകരുടെ വർക്ക് ലോഡ്, ഹാജരാകേണ്ട ദിവസങ്ങൾ

എന്നിവ സംബന്ധിച്ചു **28/02/2022** തീയതിയിലെ എസിഡി.സി**1/231720/**എച്ച്.എസ്.ഇ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രിൻസിപ്പൽമാർ പാലിക്കേണ്ടതാണ്.

12. ദിവസവേതന നിയമനത്തിനായി ഇന്റർവ്യൂ സംബന്ധിച്ച നോട്ടിഫിക്കേഷൻ പ്രമുഖ പത്രങ്ങളിലും, പ്രാദേശിക പത്രങ്ങളിലും ഇന്റർവ്യൂവിന് രണ്ട് ആഴ്ച മുൻപെ പ്രസിദ്ധീകരിക്കേണ്ടതാണ് എന്നും, കൂടാതെ ഇത് സംബന്ധിച്ച നോട്ടീസ് പഞ്ചായത്ത് ഓഫീസ്,സ്കൂൾ മറ്റ് പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിലും പ്രദർശിപ്പിക്കേണ്ടതാണ് എന്ന് **14-08-2007** തീയതിയിലെ **G.O (P) No.154/07/G1.Edn** സർക്കാർ ഉത്തരവ് പ്രകാരവും, ഈ ഓഫീസിലെ **15.06.2013** തീയതിയിലെ എസിഡി.സി**1/42129/2012/**എച്ച്.എസ്.ഇ നമ്പർ സർക്കുലർ പ്രകാരവും നിർദ്ദേശം നൽകിയിരുന്നതാണ്. എന്നാൽ മിക്ക സ്കൂളുകളും ടി നിർദ്ദേശം പാലിക്കുന്നില്ല എന്നത് സർക്കാരിന്റെയും, വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ടി നിർദ്ദേശം കർശനമായി പാലിച്ചു കൊണ്ട് മാത്രമേ ദിവസവേതന നിയമനങ്ങൾ നടത്താവൂ എന്ന് കർശന നിർദ്ദേശം നൽകുന്നു.

Signed by
Shanavas S
Date: 16-07-2025 17:24:41

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് :- എല്ലാ മേഖല ഉപമേധാവിമാർക്കും, എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും/മാനേജർമാർക്കും